ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയുടെ മുൻപ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയുടെ ജന്മവാർഷികദിനമായ ഇന്ന് രാഷ്ട്രം സദ്ഭരണദിനമായി ആചരിക്കുന്നു; 'രാഷ്ട്ര പ്രേരണ സ്ഥൽ' പ്രധാനമന്ത്രി നരേന്ദ്രമോദി ലഖ്നോവിൽ ഉദ്ഘാടനം ചെയ്യും.

   **The nation is observing Good Governance Day today on the birth anniversary of former Prime Minister Atal Bihari Vajpayee. On this occasion, Prime Minister Narendra Modi will inaugurate the 'Rashtra Prerana Sthal' in Lucknow.**

2. തിരുപ്പിറവിയുടെ ഓർമകളിൽ ലോകം ഇന്ന് ക്രിസ്മസ് ആഘോഷിക്കുന്നു. ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക തിരുപ്പിറവി ശുശ്രൂഷകൾ നടന്നു.

   **Christmas is being celebrated across the world today to commemorate the birth of Jesus Christ. Special prayer services were held in churches to mark the occasion.**

3. അരാവല്ലി പർവതനിരകളുടെ സംരക്ഷണം ലക്ഷ്യമിട്ട് പുതിയ ഖനന പാട്ടങ്ങൾ നൽകുന്നത് പൂർണ്ണമായും നിരോധിക്കാൻ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി.

The Central Government has directed states to impose a complete ban on granting new mining licenses in order to protect the Aravalli mountain range.

4. രാജ്യത്ത് മലേറിയ, ക്ഷയ, രോഗബാധിതരുടെ എണ്ണത്തിലും മാതൃ, ശിശു മരണനിരക്കിലും ഗണ്യമായ കുറവ് രേഖപ്പെടുത്തിയതായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദ.

   Union Health Minister JP Nadda stated that the country has witnessed a significant reduction in cases of malaria and tuberculosis, along with notable improvements in maternal and child mortality rates.

5. കേരളത്തിൽ, കോർപറേഷൻ മേയർ, ഡപ്യൂട്ടി മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൻ, വൈസ് ചെയർപഴ്സൻ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് നാളെ നടക്കും.

   Elections for the posts of Mayor and Deputy Mayor of Corporations, as well as Chairperson and Vice Chairperson of Municipalities, will be held tomorrow in Kerala.

6. ഇന്ത്യൻ ഹോക്കി ടീം വൈസ് ക്യാപ്റ്റൻ ഹർദിക് സിങ്ങിന് രാജ്യത്തെ പരമോന്നത കായിക ബഹുമതിയായ മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരത്തിന് ശുപാർശ.

   Hardik Singh, vice-captain of the Indian hockey team, has been recommended for the country's highest sporting honour, the Major Dhyan Chand Khel Ratna Award.

.

☸☸☸☸☸☸☸☸☸☸☸☸☸

## PM LUCKNOW (INTRO)

ഇന്ത്യയുടെ മുൻപ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയുടെ ജന്മവാർഷികദിനമായ ഇന്ന് രാഷ്ട്രം സദ്ഭരണദിനമായി ആചരിക്കുന്നു. അദ്ദേഹത്തിന്റെ 101-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ലക്നൗ സന്ദർശിക്കും. ഉച്ചയ്ക്ക് 2:30ന് 'രാഷ്ട്ര പ്രേരണ സ്ഥൽ' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തെ ശ്രീ മോദി അഭിസംബോധന ചെയ്യും.

**വിശദാംശങ്ങളിലേക്ക്....**

(വോയ്സ്)

ഇന്ത്യയിലെ മഹദ് പ്രതിഭകളുടെ പാരമ്പര്യത്തെ ആദരിക്കുകയെന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദർശനത്തിന്റെ ഭാഗമായാണ് 'രാഷ്ട്ര പ്രേരണ സ്ഥൽ' വികസിപ്പിച്ചത്. ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച രാഷ്ട്രതന്ത്രജ്ഞരിലൊരാളും രാജ്യത്തിന്റെ ജനാധിപത്യ, രാഷ്ട്രീയ, വികസന യാത്രയിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയ നേതാവുമായ മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി ഉയർത്തിപ്പിടിച്ച മൂല്യങ്ങൾക്കുള്ള ആദരവാണ് ഈ സമുച്ചയം.65 ഏക്കർ വിസ്തൃതിയിൽ 230 കോടി രൂപ ചെലവിലാണ് രാഷ്ട്ര പ്രേരണ സ്ഥൽ നിർമ്മിച്ചിരിക്കുന്നത്. ശ്യാമ പ്രസാദ് മുഖർജി, ദീൻദയാൽ ഉപാധ്യായ, അടൽ ബിഹാരി വാജ്പേയി എന്നിവരുടെ വെങ്കല പ്രതിമകൾ സമുച്ചയത്തിന്റെ പ്രധാന ആകർഷണമാണ്. 98,000 ചതുരശ്ര അടി വിസ്തൃതിയിൽ താമരയുടെ ആകൃതിയിലുള്ള അത്യാധുനിക മ്യൂസിയവും ഒരുക്കിയിട്ടുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി.........

☸☸☸☸☸☸☸☸☸☸☸☸☸

## CABINET-DELHI METRO

മെട്രോ ശൃംഖല വികസിപ്പിക്കുന്നത് ഡൽഹിയുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉത്തേജനം പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. മെട്രോവികസനത്തിലൂടെ 'ജീവിതം സുഗമമാകുമെന്നും തിരക്ക് കുറയുമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ചൈനയ്ക്കും യുഎസ്എയ്ക്കും പിന്നിൽ ലോകത്തെ മൂന്നാമത്തെ വലിയ മെട്രോ ശൃംഖലയാണ് ഇന്ത്യയുടേതെന്നും അദ്ദേഹം പറഞ്ഞു. 12,015 കോടി രൂപയുടെ ഡൽഹി മെട്രോ 5എ ഘട്ട വികസനത്തിന് ഇന്നലെയാണ് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയത്. വികസനത്തിന്റെ ഭാഗമായി 13 പുതിയ മെട്രോ സ്റ്റേഷനുകൾ നിർമ്മിക്കുമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## XMAS (INTRO)

തിരുപ്പിറവിയുടെ ഓർമകളിൽ ലോകം ഇന്ന് ക്രിസ്മസ് ആഘോഷിക്കുന്നു. ക്രൈസ്തവ ദേവാലയങ്ങളിൽ പ്രത്യേക തിരുപ്പിറവി ശുശ്രൂഷകൾ നടന്നു.

വിശദാംശങ്ങൾ.........

(വോയ്സ്)

യേശുക്രിസ്തുവിന്റെ തിരുപ്പിറവിയുടെ ഓർമപുതുക്കി ലോകമാകെ ക്രിസ്മസ് ആഘോഷിക്കുയാണ്. പുതുവർഷദിനം വരെ നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾക്കാണ് തുടക്കമായത്. ദേവാലയങ്ങളിൽ പാതിരാ കുർബാനയും പ്രത്യേക പ്രാർത്ഥനകളും നടന്നു. തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ ക്രിസ്മസ് തിരുക്കർമ്മങ്ങൾക്ക് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ മുഖ്യകാർമ്മികനായി. പാളയം സെൻറ് ജോസഫ് കത്തീഡ്രലിൽ നടന്ന തിരുപ്പിറവി ചടങ്ങുകൾക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് ഡോ

തോമസ് ജെ നെറ്റോ നേതൃത്വം നൽകി. കണ്ണൂർ ബർണശ്ശേരി ഹോളി ട്രിനിറ്റി ദേവാലയത്തിൽ പാതിരാ കുർബാനയ്ക്ക് ബിഷപ്പ് അലക്സ് വടക്കുംതലയുടെയും തലശ്ശേരി സെന്റ് ജോസഫ് ദേവാലയത്തിൽ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയുടെ നേതൃത്വത്തിലാണ് ചടങ്ങുകൾ നടന്നത്. ചങ്ങനാശേരി അതിരൂപതയുടെ കീഴിലുള്ള തിരുവനന്തപുരം ലൂർദ് ഫൊറോനാ പള്ളിയിൽ ഫാദർ ജോൺ തെക്കേക്കര തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. കോഴിക്കോട് മദർ ഓഫ് കത്തീഡ്രലിൽ കോഴിക്കോട് അതിരൂപത ആർച്ച്ബിഷപ് വർഗീസ് ചക്കാലക്കലും, താമരശേരി മേരി മാതാ കത്തീഡ്രലിൽ രൂപത ബിഷപ്പ് മാർ റെമീജിയോസ് ഇഞ്ചനാനിയലും കാർമ്മികത്വം വഹിച്ചു. സമൂഹത്തിൽ സമാധാനം, ഐക്യം, സമത്വം, സേവനം എന്നിവയുടെ മൂല്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ ഈ പവിത്രമായ സന്ദർഭം നമ്മെ പ്രചോദിപ്പിക്കുന്നു എന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ക്രിസ്മസ് സന്ദേശത്തിൽ പറഞ്ഞു. ക്രിസ്മസ് കാലം വിവിധ സമൂഹങ്ങൾക്കിടയിൽ ഐക്യം വളർത്തുന്നതിനും നീതി, സൗഹാർദ്ദം, സഹോദര്യം എന്നിവ ഊട്ടിയുറപ്പിക്കുന്നതിനും സഹായകരമാകട്ടെയെന്നു ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആശംസിച്ചു. സ്നേഹത്തിൻറെയും സമാധാനത്തിന്റെയും ത്യാഗത്തിന്റെയും സാഹോദര്യത്തിന്റെയും ആഘോഷമാണ് ക്രിസ്മസ് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സന്ദേശത്തിൽ പറഞ്ഞു. അസഹിഷ്ണുതകൾ രൂക്ഷമാകുന്ന കാലത്ത് ക്രിസ്മസിന്റെ സന്ദേശം ശരിയായി ഉൾക്കൊണ്ട് മനുഷ്യസ്നേഹികളാകാൻ എല്ലാവർക്കും കഴിയട്ടെ എന്ന് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ ആശംസിച്ചു.

**ന്യൂസ് ഡെസ്ക് ആകാശവാണി.........**

## pop leo christmas (intro)

ക്രിസ്മസ് ദിനത്തിൽ ആശംസകൾ നേർന്ന് ലിയോ പതിനാലാമൻ മാർപാപ്പ. ഉണ്ണിയേശുവിന്റെ ജനനം ലാളിത്യത്തിന്റേയും വിനയത്തിന്റെയും പ്രതീകമാണെന്നും സഭ ഒന്നാകെ ഇതുൾക്കൊള്ളണമെന്നും മാർപാപ്പ ആവശ്യപ്പെട്ടു. സഹായം തേടുന്നവനെ അവഗണിക്കുന്നത് ദൈവത്തെ അവഗണിക്കുന്നതിന് തുല്യമാണെന്നും വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ നടന്ന ചടങ്ങിൽ അദ്ദേഹം പറഞ്ഞു. (ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## LOKBHAVAN

ഇന്ന് സംഘടിപ്പിക്കുന്ന 'സദ്ഭരണ ദിനാചരണത്തിൽ ജീവനക്കാർ നിബന്ധമായും പങ്കെടുക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ലെന്ന് ലോക്ഭവൻ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു. ഇത് സംബന്ധിച്ച് പ്രചരിക്കുന്ന വാർത്തകൾ അനാവശ്യമായ വിവാദം സൃഷ്ടിക്കാനുദ്ദേശിച്ചാണെന്ന് കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## Amit Shah-Panchkula

ലഹരിമരുന്ന വ്യാപാരം, മനുഷ്യക്കടത്ത്, സൈബർ കുറ്റകൃത്യങ്ങൾ, സംഘടിത കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരായ പോരാട്ടത്തിൽ സംസ്ഥാനങ്ങൾക്കൊപ്പം കേന്ദ്ര സർക്കാർ ഉറച്ചു നിൽക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. രാജ്യം ഇപ്പോൾ സുരക്ഷിതമായ കരങ്ങളിലാണെന്ന് ഹരിയാനയിലെ പഞ്ച്കുലയിൽ ഒരു പരിപാടിയിൽ സംസാരിക്കവെ അദ്ദേഹം പറഞ്ഞു. കാർഷിക ബജറ്റ് സമീപ വർഷങ്ങളിൽ ഒരു ലക്ഷത്തി 27,000 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 129-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ മറ്റന്നാൾ വരെ അറിയിക്കാം.

## JP Nadda

രാജ്യത്ത് മലേറിയ കേസുകളിൽ 80 ശതമാനത്തിലധികവും മരണങ്ങൾ 78 ശതമാനവും കുറഞ്ഞതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ പി നദ്ദ. ന്യൂഡൽഹിയിൽ നടന്ന അഡ്വാൻസിംഗ് പബ്ലിക് ഹെൽത്ത് ഔട്ട്കംസ് ഫോറം 2025 നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ക്ഷയരോഗ ബാധിതരുടെ എണ്ണത്തിൽ 21 ശതമാനം കുറവ് കൈവരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. 2014-ൽ ഒരു ലക്ഷം പ്രസവങ്ങൾക്ക് 130 ആയിരുന്ന മാതൃമരണനിരക്ക് 88 ആയും ശിശുമരണ നിരക്ക് 27 ആയും കുറഞ്ഞു.

## VP-MALVIYA WORKS

സ്വതന്ത്ര സമര സേനാനി മദൻ മോഹൻ മാളവ്യയുടെ സമാഹരിച്ച കൃതികളുടെ അവസാന വാല്യം ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കും. 11 വാല്യങ്ങളുടെ ആദ്യ പരമ്പര പ്രധാനമന്ത്രി നരേന്ദ്ര മോദി നേരത്തെ പുറത്തിറക്കിയിരുന്നു.

## Aravallis Bhupender (INTRO)

അരാവല്ലി പർവതനിരകളുടെ സംരക്ഷണത്തിനുള്ള ഒരു പ്രധാന ചുവടുവയപ്പെന്ന നിലയിൽ പുതിയ ഖനന പാട്ടങ്ങൾ നൽകുന്നത് പൂർണ്ണമായും നിരോധിക്കാൻ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. ഗുജറാത്ത് മുതൽ ഡൽഹി വരെ വ്യാപിച്ചുകിടക്കുന്ന ആരവല്ലിയെ സംരക്ഷിക്കുന്നതിനും അനിയന്ത്രിതമായ ഖനന പ്രവർത്തനങ്ങൽ അവസാനിപ്പിക്കുന്നതിനും ഈ നിർദ്ദേശങ്ങൾ ലക്ഷ്യമിടുന്നു. അരാവല്ലി മലനിരകളുടെ സംരക്ഷണത്തിന് കേന്ദ്ര സർക്കാർ പൂർണ്ണമായും പ്രതിജ്ഞാബദ്ധമാണെന്ന് ആകാശവാണി വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ കേന്ദ്ര മന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു. വനവത്ക്കരണ പരിപാടിയുടെ ഭാഗമായി അരാവല്ലിയിലെ 10,000 ഹെക്ടർ ഭൂമി വനപ്രദേശമാക്കി മാറ്റിയെന്ന് അദ്ദേഹം പറഞ്ഞു.

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸☸

## MAYOR

കേരളത്തിൽ, കോർപറേഷൻ മേയർ, ഡപ്യൂട്ടി മേയർ, മുനിസിപ്പാലിറ്റി ചെയർപഴ്സൻ, വൈസ് ചെയർപഴ്സൻ പദവികളിലേക്കുള്ള തിരഞ്ഞെടുപ്പ് നാളെ നടക്കും. മേയർ, ചെയർപഴ്സൻ തിരഞ്ഞെടുപ്പ് രാവിലെ 10.30 നും ഡപ്യൂട്ടി മേയർ, വൈസ് ചെയർ പഴ്സൻ തിരഞ്ഞെടുപ്പ് ഉച്ചയ്ക്ക് ശേഷം 2.30 നുമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായ ത്ത് പ്രസിഡൻറ് തിരഞ്ഞെടുപ്പ് 27നു രാവിലെ 10.30 നും വൈസ് പ്രസിഡൻറ് തിരഞ്ഞെടുപ്പ് 2.30 നും നടക്കും. കഴിഞ്ഞ ദിവസം സത്യപ്രതിജ്ഞ ചെയ്ത തദ്ദേശ സ്ഥാപന അംഗങ്ങൾക്കു മാത്രമേ അധ്യ ക്ഷ, ഉപാധ്യക്ഷ സ്ഥാനങ്ങളിലേക്കു മത്സരിക്കാനും വോട്ട് ചെയ്യാനും കഴിയൂ.

☸☸☸☸☸☸☸☸☸☸☸☸☸

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. കരടു പട്ടികയിൽ ഉൾപ്പെടാത്ത ASD പട്ടികയിൽ ഉള്ളവരും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താനായി അപേക്ഷയും സത്യവാങ്മൂലവും നൽകണം.

☸☸☸☸☸☸☸☸☸☸☸☸☸

## CM – NATIVITY CARD

കേരളത്തിൽ നേറ്റിവിറ്റി സർട്ടിഫിക്കറ്റിന് പകരം ഫോട്ടോ പതിപ്പിച്ച സ്ഥിരം നേറ്റിവിറ്റി കാർഡ് നൽകാൻ മന്ത്രിസഭായോഗത്തിൽ തീരുമാനമായതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട സേവനങ്ങൾക്കും സാമൂഹ്യ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്ന ആധികാരിക രേഖയായാണ് കാർഡ് നൽകുക.അതേസമയം കേരളത്തിൽ പുതിയ വ്യക്തിഗത രേഖ നടപ്പാക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം അപകടകരമായ വിഘടനവാദ രാഷ്ട്രീയത്തിന്റെ ഉദാഹരണമാണെന്ന് ബി ജെ പി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ വിമർശിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## KHEL RETNA

ഇന്ത്യൻ ഹോക്കി ടീം വൈസ് ക്യാപ്റ്റൻ ഹർദിക് സിങ്ങിന് രാജ്യത്തെ പരമോന്നത കായിക ബഹുമതിയായ മേജർ ധ്യാൻചന്ദ് ഖേൽരത്ന പുരസ്കാരത്തിന് ശു പാർശ. ഇന്ത്യൻ ഒളി മ്പിക് അസോസിയേഷൻ വൈസ് പ്രസിഡൻറ് ഗഗൻ നരാങ് ഉൾപ്പെട്ട പുരസ്കാരസമിതിയാണ് ശുപാർശ സമർപ്പിച്ചത്. 2020 ടോക്യോ ഒളിമ്പിക്സിലും 2024 പാരീസ് ഒളിമ്പിക്സിലും വെങ്കല മെഡൽ നേടിയ ഇന്ത്യൻടീമിൽ അംഗമാണ് അദ്ദേഹം. വനിതാ ബാഡ്മിന്റൺ

ജോഡിയായ ട്രീസ ജോളി, ഗായത്രി ഗോപിചന്ദ് എന്നിവരും കായിക ബഹുമതികൾക്കുള്ള ശുപാർശകളിൽ ഉൾപ്പെടുന്നു.

☸☸☸☸☸☸☸☸☸☸☸☸☸

## WOMEN T-20

ലോകചാമ്പ്യ ന്മാരായ ഇന്ത്യൻ വനിതാ ക്രിക്ക റ്റ് ടീമിന് തലസ്ഥാന നഗരിയിൽ ഊഷ്മള വരവേൽപ്പ്. ഇന്ത്യ-ശ്രീ ലങ്ക ടി-20 പരമ്പരയ്ക്കായി അനന്തപുരിയിലെത്തിയ ലോകജേതാക്കൾക്ക് കേരള ക്രിക്കറ്റ് അസോസിയേഷൻറെ നേതൃത്വത്തിൽ സ്വീകരണം നൽകി. 26, 28, 30 തീയതികളിൽ കാര്യവട്ടം സ്പോർട്സ് ഹബ് ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ. വിശാഖപട്ടണത്തിൽ നടന്ന ആദ്യ രണ്ടുമത്സരങ്ങളിലും ഇന്ത്യക്കായിരുന്നു ജയം. ഒരു മത്സരം കൂടി ജയിച്ചാൽ ഇന്ത്യയ്ക്ക് പരമ്പര സ്വന്തമാക്കാം.

☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸

☸☸☸☸☸☸☸

☸☸☸☸☸

☸☸☸

☸☸

☸